Submission

Uncorrected/Not for publication
09-10-2025

**സബ്മിഷൻ**

1. <u>ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് കോടതി</u>

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ചങ്ങനാശ്ശേരിയിൽ നിലവിലുള്ള ജ്യുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ കേസിന്റെ ബാഹുല്യംമൂലം ബഹു. ഹൈക്കോടതി ചങ്ങനാശ്ശേരിയിൽ പുതിയ ജ്യുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് മുൻഗണനാക്രമം തയ്യാറാക്കി ലിസ്റ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതാണ്. നൂറ് വർഷത്തിലേറെ പഴക്കമുള്ള രണ്ട് കോടതികളാണ് ചങ്ങനാശ്ശേരിയിലുള്ളത്. ആയതിൻപ്രകാരം 02-03-2016-ലെ G. O. (M.S.) No. 79/2016/home സർക്കാർ ഉത്തരവ് പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരിയിൽ ഒരു അഡീഷണൽ ജ്യുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ടി കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ചങ്ങനാശ്ശേരി കോടതി സമുച്ചയത്തിൽ പുതിയ രണ്ട് കോടതികൾകൂടി പ്രവർത്തിക്കാനുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും നിലവിലുണ്ട്. ചങ്ങനാശ്ശേരിയിൽനിന്ന് കാഞ്ഞിരപ്പള്ളി കോടതിയിലേയ്ക്ക് അധികാരപരിധി മാറ്റിയ കറുകച്ചാൽ,

ചിങ്ങവനം, വാകത്താനം പൊലീസ് സ്റ്റേഷനുകൾ ചേർത്ത് പുതിയ കോടതി സ്ഥാപിക്കാൻ അടിയന്തര നടപടിയുണ്ടാകണം എന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, പുതിയ കോടതി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## 2. കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിൽ 2018-ലെ കിഫ്ബി പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചതാണ് കല്ലൂരിക്കടവ് പാലം. രണ്ട് പ്രധാനപ്പെട്ട ഗ്രാമപഞ്ചായത്തുകളായ പാപ്പിനിശ്ശേരി, നാറാത്ത് എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു പാലമാണിത്. സാങ്കേതിക നടപടികളാൽ അതിന്റെ നിർമ്മാണം നീണ്ടുപോകുന്നൊരു സാഹചര്യമാണ് നിലവിലുള്ളത്. രണ്ട് പ്രദേശത്തേയ്ക്കും ദീർഘദൂരം ചുറ്റി പോകുന്നതിനുപകരം വളരെ വേഗത്തിൽ രണ്ട് പഞ്ചായത്തുകളിലെയും ജനങ്ങളെ ബന്ധിപ്പിക്കുന്ന വളരെ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രധാനപ്പെട്ട ഒരു ഗതാഗത സംവിധാനമായി ഈ കല്ലൂരിക്കടവ് പാലം മാറുന്നതാണ്. ഇതിന്റെ സാങ്കേതിക നടപടികൾ വേഗത്തിലാക്കി നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

ധനകാര്യവകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു. +

3. പാനൂർ താലൂക്ക് ആശുപത്രിക്ക് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: സർ, കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂരിൽ 2015-ൽ അനുവദിച്ച താലൂക്കാശുപത്രിക്കുവേണ്ടി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായി അധികാരത്തിൽ വന്നപ്പോൾ 84 കോടി രൂപ അനുവദിച്ചു. എന്നാൽ അതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സാവധാനത്തിലായിരുന്നു നടന്നത്. ആ സമയത്ത് ടി ഭൂമിയുടെ ഉടമ അതിന്മേൽ സ്റ്റേ അനുവദിക്കുന്നതിനുവേണ്ടി അപേക്ഷ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ആ അപേക്ഷ തള്ളുകയും ഭൂമി ഏറ്റെടുക്കുന്നതിന് അനുവാദം ലഭിച്ചിരിക്കുകയുമാണ്. അതുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും അതിനുള്ള തുക അനുവദിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. 10,86,92,866/- രൂപയ്ക്ക് റിക്വിസിഷൻ കൊടുത്തിട്ടുണ്ട്. അത് ലഭിച്ചാൽ ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് പണം വിതരണം ചെയ്ത് ഭൂമി ഏറ്റെടുക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## 4. വനം വകുപ്പിന്റെ ഭൂമി സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്താണ് എരുമേലി. ടി പഞ്ചായത്തിൽ മുണ്ടക്കയം-എരുമേലി സ്റ്റേറ്റ് ഹൈവെയുടെ സമീപത്ത് എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നമ്പർ 27, റീ-സർവെ നമ്പർ 12/1-ൽ ഉൾപ്പെട്ട അഞ്ച് ഏക്കറോളം വരുന്ന റവന്യൂ ഭൂമി വനം വകുപ്പിന്റെ അധീനതയിലുണ്ട്. എരുമേലിയിലെ വിവിധ സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അനുവദിക്കപ്പെട്ട ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റാൻഡുൾപ്പെടെ ദേവസ്വം വകുപ്പിന്റെ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടത്തെ പൊതു ആവശ്യങ്ങൾക്കുവേണ്ടി ഈ റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് ഉപയുക്തമാക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ചെറിയ ഒരു തർക്കം നിലനിൽക്കുന്നുണ്ട്. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അനുവാദത്തോടെ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട അംഗത്തെയും വിളിച്ച് യോഗം നടത്തി പ്രശ്നം അവസാനിപ്പിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.[+]

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

Uncorrected/Not for publication
09-10-2025

## 5. സിവിൽ കരാറുകാർ വയറിങ് ജോലി ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളം വൈദ്യുതിരംഗത്ത് വലിയ പുരോഗതിയും മുന്നേറ്റവും സൃഷ്ടിച്ചൊരു സംസ്ഥാനവും സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണം പൂർത്തീകരിച്ച സംസ്ഥാനവുമാണ്. എന്നാൽ കേരളത്തിൽ ഷോർട്ട് സർക്യൂട്ടുമൂലമുള്ള അപകടങ്ങൾ കുറയുന്നില്ല. അത്തരം അപകടങ്ങളുടെ കാരണം കണ്ടെത്താനും കുറ്റക്കാരായ ആളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഷോർട്ട് സർക്യൂട്ടുമൂലം വലിയ കച്ചവട സ്ഥാപനങ്ങളിൽ (കോഴിക്കോട് ജില്ലയിലൊക്കെ വ്യാപകമായി കണ്ടതാണ്) സംഭവിച്ച തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ ഉദ്യോഗസ്ഥതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. മാത്രമല്ല, ലൈസൻസുള്ള വയർമാന്മാരാണ് ഇലക്ട്രിക്കൽ രംഗത്ത് പണി ചെയ്യേണ്ടത്. എന്നാൽ സിവിൽ കരാറുകാർ വയറിങ് ജോലി ചെയ്യുന്നതിന്റെ ഭാഗമായി വലിയ രീതിയിലുള്ള അപകടങ്ങളുണ്ടാകുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനായി ജില്ലാതല സമിതി അനധികൃത വയറിങ് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെടുന്നുണ്ട്. ഈ കാര്യം വളരെ ഗൗരവത്തോടുകൂടി

പരിഗണിക്കണമെന്നും നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിനുള്ള കൃത്യമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

6. കൊല്ലം വികസന അതോറിറ്റിയെ കോർപ്പറേഷനിൽ ലയിപ്പിച്ച നടപടി

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം വികസന അതോറിറ്റിയെ കൊല്ലം കോർപ്പറേഷനിൽ ലയിപ്പിച്ച സാഹചര്യത്തിൽ കൊല്ലം വികസന അതോറിറ്റിയിൽനിന്നും ഭവന വായ്പ എടുത്ത് അടച്ചുതീർത്തവർക്ക് അവരുടെ രേഖകൾ തിരിച്ചുനൽകുന്നതിന് കോർപ്പറേഷന് നിർദേശം നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. 1981-ൽ ടൗൺ പ്ലാൻ ആക്റ്റ് പ്രകാരം എൽ.ഡി.എഫ്. സർക്കാർ വികസന അതോറിറ്റി രൂപീകരിച്ചു. 2007-ൽ വികസന അതോറിറ്റികൾ പിരിച്ചുവിടുകയും അവ കൊല്ലം കോർപ്പറേഷനിൽ ലയിപ്പിക്കുകയും ചെയ്തു. എന്നാൽ 2012-ൽ യു.ഡി.എഫ്. സർക്കാർ അതിനെ പുനരുജ്ജീവിപ്പിച്ചു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വീണ്ടും അതിനെ പിരിച്ചുവിടുകയും കൊല്ലം കോർപ്പറേഷനിൽ ലയിപ്പിക്കുകയും ചെയ്തു. പഴയ വികസന അതോറിറ്റിയിൽനിന്നും ഭവന വായ്പയെടുത്തവർ അടച്ചുതീർത്തെങ്കിലും അവരുടെ ഭൂമിസംബന്ധമായ രേഖകൾ ലഭ്യമല്ല. കോർപ്പറേഷനിൽ അന്വേഷിക്കുമ്പോൾ അവിടെ ഈ രേഖകളില്ലെന്നുള്ള തരത്തിലാണ് മറുപടി നൽകുന്നത്. വളരെയധികം ജനങ്ങൾ ഇതിന്റെ പേരിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതിന് ഒരു പരിഹാരം കണ്ടെത്തുന്നതിനായി കൊല്ലം കോർപ്പറേഷന് നിർദേശം നൽകണം അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തണം എന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

7. കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എ. പ്രഭാകരൻ: സർ, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് ആയ "പ്രധാനമന്ത്രി ഫസൽ ബീമ യോജന"-യിൽ നെല്ല് കർഷകർ രജിസ്റ്റർ ചെയ്യേണ്ട സമയത്തിലും ഇൻഷ്വറൻസിന്റെ പരിരക്ഷ കാലയളവിലും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇപ്പോൾ ഇൻഷ്വറൻസ് കമ്പനി മാറ്റംവരുത്തിയിരിക്കുകയാണ്. പാലക്കാട് ജില്ലയിൽ രണ്ടാം വിള നെൽക്കൃഷി നവംബർ മാസത്തിൽ ആരംഭിച്ച് മാർച്ച് മാസത്തിലാണ് വിളവെടുക്കുന്നത്. 2022 വരെ ഡിസംബറിലായിരുന്ന ഇൻഷ്വറൻസിന്റെ രജിസ്ട്രേഷൻ സമയം 2023 മുതൽ സെപ്റ്റംബർ ആക്കിയിരിക്കുകയാണ്. സെപ്റ്റംബറിൽ അടയ്ക്കുന്ന പ്രീമിയത്തിന്റെ ഇൻഷ്വറൻസ് പരിരക്ഷ കാലയളവ് ജനുവരി 15-ന് അവസാനിക്കും. അതിനുശേഷം വരുന്ന വിളനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് തുക ലഭിക്കില്ല. മാർച്ച് മാസത്തിൽ വിളവെടുക്കുന്ന രണ്ടാം വിളയ്ക്ക് പൂർണ്ണമായും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കണമെങ്കിൽ കർഷകർ പാഡി 2-ലും പാഡി 3-ലും രജിസ്ട്രേഷൻ നടത്തി രണ്ടുതവണ പ്രീമിയം അടയ്ക്കേണ്ട അവസ്ഥയാണ്. ഏക്കറിന് 640 രൂപയാണ് അടയ്ക്കേണ്ടത്. ഈ സാഹചര്യത്തിൽ ഈ തുക രണ്ടുതവണ അടയ്ക്കുന്നത് കർഷകർക്ക് താങ്ങാനാവില്ല. പാലക്കാട് ജില്ലയിൽ അൻപതിനായിരത്തിലധികം കർഷകർ വിള ഇൻഷ്വറൻസിനെ ആശ്രയിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ചചെയ്ത് ഒരു തവണ പ്രീമിയം അടച്ചാൽ നവംബർ മുതൽ മാർച്ച് വരെ പൂർണ്ണമായും രണ്ടാം വിള നെൽക്കൃഷിക്കും ഇൻഷ്വറൻസ് പരിരക്ഷ

ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വളരെ ഗൗരവതരമായൊരു പ്രശ്നമാണിത്. ഇക്കാര്യം വ്യക്തമാക്കി കേന്ദ്ര സർക്കാരിനും നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഇൻഷ്വറൻസ് ഏറ്റവും കൂടുതൽ കർഷക സൗഹൃദമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ മാസം 15-നുതന്നെ അടിയന്തരമായി യോഗവും ശിൽപശാലയും നടത്തുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ പരിഷ്കരിച്ച് പദ്ധതികൾ കൂടുതൽ കർഷക സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## 8. മൂല്യവർധിത ഉൽപന്നങ്ങൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോഴിക്കോട് ജില്ലയുടെ കിഴക്കൻ മലയോര മേഖലകളിലാണ് ഏറ്റവും ഗുണമേന്മയുള്ള നാളികേരം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഉൽപാദിപ്പിക്കുന്നത്. ഉളുക്കവും എണ്ണയുടെ അംശവും കൂടുതലുള്ള WCT ഇനത്തിൽപ്പെട്ട തേങ്ങ കുറ്റ്യാടി തേങ്ങ എന്ന പേരിലാണ് അറിയപ്പെടുന്നത്. എഴുപത് വർഷക്കാലത്തിലധികമായി വിത്ത് തേങ്ങ ശേഖരിക്കുന്ന ഈ മേഖലയെ പരിരക്ഷിക്കുന്നതിനുവേണ്ടി സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണമെന്നതാണ് ഏറ്റവും പ്രധാനമായും ആവശ്യപ്പെടുന്നത്. കേരളത്തിനകത്തും പുറത്തും കുറ്റ്യാടി തെങ്ങിൻതൈയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നതെന്നും കാണാൻ സാധിക്കും. കീടബാധ, രോഗബാധ, വിലസ്ഥിരത ഇല്ലായ്മ എന്നിവയാണ് ഈ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി മുഖേന ഉൽപാദനക്ഷമത വർധിച്ചിട്ടുണ്ടെന്നത് സന്തോഷകരമാണ്. കുറ്റ്യാടി മണ്ഡലത്തിലെതന്നെ പുറമേരി പഞ്ചായത്തിലെ അരൂരിലെ 'അരൂർ ഒളോർ' ഗുണമേന്മകൊണ്ടും രുചികൊണ്ടും പ്രസിദ്ധമാണ്. അരൂർ ഒളോറിനും കുറ്റ്യാടി തേങ്ങയ്ക്കും ഭൗമസൂചിക പദവി ലഭിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്നും ആവശ്യപ്പെടുകയാണ്. മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കി കേരള ഗ്രോ ബ്രാൻഡ് ചെയ്തുകൊണ്ട് വില്പന

നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വിനയപൂർവം അഭ്യർഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മേഖല നാളികേരത്തിന് വളരെ പ്രാധാന്യമുള്ളതാണ്. അതോടൊപ്പം തന്നെയാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ച വടകരയിലെ അത്തോളി തനതായ സ്വാദും സുഗന്ധവുംമൂലം പ്രശസ്തിയാർജിച്ച അത്തോളി ഒളോർ മാങ്ങ, ഇവ രണ്ടിനും ഭൗമസൂചിക പദവി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. മൂല്യവർധിത ഉൽപന്നങ്ങളാക്കുന്നതിനും അതിനെ കേരള ഗ്രോ ബ്രാൻഡ് നൽകുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കും. വിദേശ രാജ്യങ്ങളിലേയ്ക്കുടക്കം കയറ്റിയയ്ക്കുന്നതിന് APEDA-യുമായി യോഗങ്ങൾ ചേരുന്നുണ്ട്. സാധ്യമായ എല്ലായിടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

Uncorrected/Not for publication
09-10-2025

## 9. ഡേ കെയർ സെന്റർ, ഷോർട്ട് സ്റ്റേ ഹോം എന്നിവ സാധ്യമാക്കൽ

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്ത് പ്രത്യേക പരിചരണം ആവശ്യമുള്ള ലക്ഷക്കണക്കിന് കുഞ്ഞുങ്ങളുണ്ട്. ഇതിൽത്തന്നെ ആറ് വയസ് മുതൽ പത്ത് വയസ്സുവരെയും പതിനാറ് വയസ് മുതൽ ഇരുപത് വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരാണ്. അങ്കണവാടികളിൽ നിന്നുമുള്ള കണക്കുകൾ പരിശോധിച്ചാൽ രണ്ടര ശതമാനം മുതൽ 3.4 ശതമാനം വരെയുള്ള കുട്ടികൾ ASD (Autism Spectrum Disorder) പ്രശ്നമുള്ളവരാണ്. ഈ കുട്ടികളുടെ മാതാപിതാക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. ഈ പ്രതിസന്ധികളെ നേരിട്ടുകൊണ്ട് അവരുടെ ജീവനായി ഇത്തരം കുഞ്ഞുങ്ങളെ പരിപാലിക്കുകയാണ്. സുഗതകുമാരി ടീച്ചറുടെ കവിതയുണ്ട്.

"കൊല്ലേണ്ടതെങ്ങനെ

ചിരിച്ച മുഖത്തു നോക്കി

അല്ലിൽ തനിച്ചിവിടെ

അമ്മ തപസ്സിരിപ്പൂ....

വല്ലാതെ നോവരുത്...

Uncorrected/Not for publication
09-10-2025

വേവരുത് ....ഒന്നുമാത്രം

എല്ലാം മറക്കുമൊരു ഉറക്കം"

സുഗതകുമാരി ടീച്ചറുടെ ഈ കവിത മാതാപിതാക്കൾ അനുഭവിക്കുന്ന പ്രയാസത്തെ സംബന്ധിച്ചുള്ളതാണ്. ഈ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്ഥാപിക്കുമോയെന്നതാണ് ഈ സബ്മിഷന്റെ ഉള്ളടക്കം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി( ഡോ. ആർ. ബിന്ദു): സർ, ഓട്ടിസം സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷി അവസ്ഥയിലുള്ള കുട്ടികളെ പരിചരിക്കുന്നതിന്റെ ഭാഗമായി രക്ഷിതാക്കൾക്ക് അവരുടെ അടിയന്തര ആവശ്യങ്ങൾക്കോ ചികിത്സയ്ക്കോ സാമൂഹിക ഒത്തുചേരലിനോ.. അങ്ങനെ നിർബന്ധിതമായ കാര്യങ്ങൾക്കുപോലും സമയം കണ്ടെത്താൻ സാധിക്കാത്തത് വളരെ സങ്കീർണ്ണമായ ഒരു പ്രതിസന്ധിയാണെന്ന് കണ്ടുകൊണ്ട് അതിന് പരിഹാരമായി ഈ വിഭാഗക്കാർക്കായിട്ടുള്ള താൽക്കാലിക സംരക്ഷണ ഭവനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിൽ ആരംഭിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. അടിയന്തരസാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപെടുന്ന ഭിന്നശേഷി വ്യക്തികളെ സുരക്ഷിതമായി പാർപ്പിക്കുന്നതിനുള്ള താൽക്കാലിക സംരക്ഷണ കേന്ദ്രങ്ങൾ അഥവാ Respite Care Home-കൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി. നടപ്പുവർഷം സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 54,33,160 രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. എത്രയുംവേഗം Respite Care Home പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൂടാതെ സംസ്ഥാനത്ത് മൂന്നിടങ്ങളിൽ ഇന്റഗ്രേറ്റഡ് അസിസ്റ്റീവ് വില്ലേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള State Initiative On Disabilities മുഖേന 'സ്പെക്ട്രം' എന്ന പദ്ധതിയും ഈ വിഭാഗത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും നിപ്മറിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ പ്രചോദനം പദ്ധതിയിൽ സ്കിൽ ഡെവലപ്മെന്റിന് 1,47,02,360 രൂപ അനുവദിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, മറുപടിയുടെ ബാക്കി ഭാഗം മേശപ്പുറത്തുവച്ചാൽ മതിയാകും.

ഡോ. ആർ. ബിന്ദു: സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

10. ചുമട്ട് തൊഴിലാളികളുടെ ജോലി സംരക്ഷണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ ചുമട്ടുതൊഴിലാളികൾ കേരളത്തിലെ ജനങ്ങളുമായി ഏറെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. അങ്ങാടികളിലും തെരുവോരങ്ങളിലും ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവയുടെ പരിസരങ്ങളിലാണ് തൊഴിലാളികൾ പ്രധാനമായും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത്. ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 26(എ) കാർഡുള്ളവരാണ് ഈ ചുമട്ടുതൊഴിലാളികൾ. തൊഴിലാളി ആര് എന്നുള്ളത് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചില ഉടമകൾ കോടതിയിൽ കേസ് കൊടുക്കുന്നതിന്റെ ഭാഗമായി സ്ഥിരമായി അംഗീകാരമുള്ള തൊഴിലാളിയുടെ ജോലി കേരളത്തിന്റെ പല ഭാഗങ്ങളിലും നിഷേധിക്കപ്പെടുന്നു. ഈ തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഒരു കാര്യംകൂടി

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുകയാണ്. കേരളത്തിൽ 5000 വാളന്റിയർമാരെ നമ്മുടെ സംസ്ഥാനത്ത് ദുരന്തമുഖങ്ങളിൽ സേവനം നടത്തുന്നതിനുവേണ്ടി ട്രെയിൻ ചെയ്യിപ്പിച്ച് അവരെ സ്റ്റേറ്റിന് സമർപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിവരികയാണ്. എറണാകുളത്ത് അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞു. അങ്ങനെയുള്ള വിഭാഗം, ഏത് ദുരന്തമുഖത്തും ഈ തൊഴിലാളികൾ സജ്ജീവമായി ഇടപെടുന്നവരാണ്. ആ തൊഴിലാളികൾക്ക് നിലവിലുള്ള ജോലിക്ക് സംരക്ഷണം എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ആ സംരക്ഷണത്തിന് നേരെ ഭീഷണി നേരിടുന്നു. ഈ പ്രശ്നത്തിൽ തൊഴിലാളികൾക്ക് ജോലിക്ക് സംരക്ഷണം നൽകുന്നതിന് ഗവൺമെന്റ് ആവശ്യമായ നിയമനിർമ്മാണം നടത്തി തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മറുപടി ചുരുക്കി പറഞ്ഞാൽ മതിയാകുമെന്ന് തോന്നുന്നു. ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞ കാര്യങ്ങളോട് ഗവൺമെന്റിന്

യോജിപ്പാണുള്ളത്. സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ ചുമട്ടുതൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികളെപ്പറ്റി സർക്കാർ പരിശോധിക്കുന്നതാണ്.

## 11. കുന്ദംകുളം ജംഗ്ഷൻ, മുനിസിപ്പാലിറ്റി റിങ് റോഡ് എന്നിവയുടെ വികസനം

ശ്രീ. എ. സി. മൊയ്തീൻ: സർ, കുന്നംകുളം നിയോജകമണ്ഡലത്തിലെ കുന്നംകുളം മുനിസിപ്പാലിറ്റിയിലെ റോഡ് വികസനം, ജംഗ്ഷൻ വികസനം, അതുമായി ബന്ധപ്പെട്ട അവിടുത്തെ റീഹാബിലിറ്റേഷൻ ബിൽഡിങ്ങ്, ഭൂമിയെറ്റെടുക്കൽ, കുന്നംകുളം മുനിസിപ്പാലിറ്റി റിങ് റോഡ് വികസനം എന്നീ മൂന്ന് പദ്ധതികളും കിഫ്ബി വഴിയുള്ളതാണ്. ചില പദ്ധതികൾക്ക് ഫിനാൻഷ്യൽ സാങ്ഷനായി, ടെൻഡർ കഴിഞ്ഞിട്ടുണ്ട്. ചിലത് ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് കാലതാമസം വരികയാണ്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് പ്രധാനപ്പെട്ട വർക്കുകളുടെ പണി

ആരംഭിക്കാനും പൂർത്തികരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഈ പദ്ധതിയുടെ ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടൻതന്നെ മറ്റ് നടപടികളിലേയ്ക്ക് കടക്കാം. റിങ് റോഡിന്റെ പ്രവൃത്തിക്ക് ഇപ്പോൾ കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. +

## 12. മൂന്നാറിലെ റോഡുകളുടെ വീതികൂട്ടാൻ

ശ്രീ. എ. രാജ: സർ, ലോക ഭൂപടത്തിൽതന്നെ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമാണ് മൂന്നാർ. ഫെസ്റ്റിവൽ സീസണിലും അവധിക്കാലത്തും വൻതിരക്കാണ് മൂന്നാറിൽ അനുഭവപ്പെടുന്നത്. മണിക്കൂറുകളോളം ഗതാഗതക്കുരുക്കിൽപ്പെടുന്ന അവസ്ഥയാണ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിലവിലുള്ളത്. മൂന്നാർ-വട്ടവട സംസ്ഥാന പാത, മൂന്നാർ-മറയൂർ-ചിന്നാർ അന്തർസംസ്ഥാന പാത, ഈ രണ്ട് റോഡുകളും ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും അവയുടെ നിലവിലുള്ള വീതി അഞ്ച് മുതൽ ആറ് മീറ്റർ വരെ മാത്രമേയുള്ളൂ. മൂന്നാർ-മറയൂർ-ചിന്നാർ സംസ്ഥാനപാതയും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന റോഡും തീർത്ഥാടന കേന്ദ്രങ്ങളായ ശബരിമലയെയും പഴനിയെയും ബന്ധിപ്പിക്കുന്ന പ്രധാന പാതകളാണ്. ഈ റോഡുകളിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ഈ രണ്ട് റോഡുകളുടെയും വീതി അഞ്ച് മീറ്ററിൽനിന്നും പതിനഞ്ച് മീറ്ററാക്കി ഉയർത്തി വീതികൂട്ടി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ റോഡുകളുടെ നവീകരണം ടൂറിസ്റ്റ് മേഖലയായ ഈ പ്രദേശത്ത് വളരെ അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഇതിന്റെ

നവീകരണത്തിന് പ്രാഥമിക ഡി.പി.ആർ. തയ്യാറാക്കാൻ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താം. ഇതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ് അതിനായി യോഗം വിളിക്കുവാൻ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്യാം. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

## 13. തങ്കളം-കാക്കനാട് നാലുവരിപാത

ശ്രീ. ആന്റണി ജോൺ: സർ, എറണാകുളം ജില്ലയിലെതന്നെ പ്രധാനപ്പെട്ട റോഡുവികസന പദ്ധതിയാണ് തങ്കളം-കാക്കനാട് നാലുവരിപാത. നിരവധി പ്രാവശ്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള വിഷയമാണിത്. വി.എസ്. ഗവൺമെന്റിന്റെ (2006-2011) കാലത്താണ് 2009-2010-ൽ ഈ റോഡിന്റെ ആദ്യ ഭാഗം കോതമംഗലത്ത് 1 കി.മീ. താഴെ വരുന്ന ദൂരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. പിന്നീട് 2019-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പട്ടണത്തോട് ചേരുന്ന പ്രദേശത്ത് ഏകദേശം 800 മീറ്ററോളം ആ റോഡിന്റെ ഭാഗം പൂർത്തീകരിച്ചിരുന്നു. 2016-2017-ൽ ബജറ്റിൽ കിഫ്ബി പദ്ധതിയായി

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മാറിയതിനെത്തുടർന്ന് ഐ.ആർ.സി. മാനദണ്ഡമനുസരിച്ച് നേരത്തെ നിശ്ചയിച്ച അലൈൻമെന്റ് ഫീസിബിൾ അല്ല എന്നൊരു ഒരു വാദം വരികയും തുടർന്ന് പദ്ധതിതന്നെ പ്രതിസന്ധിയിലാകുന്ന ഒരു സാഹചര്യമുണ്ടായി. ജില്ലയിലെതന്നെ പ്രധാനപ്പട്ട റോഡ് വികസന പദ്ധതി എന്നതുപോലെ ജില്ലയിലെ കിഴക്കൻ മേഖലയെ ജില്ലാ കേന്ദ്രവുമായി ബന്ധിപ്പിക്കുന്ന ഒരു പദ്ധതി ഇടുക്കി ജില്ല ഉൾപ്പെടെയുള്ള വിവിധ ടൂറിസം മേഖലകളുമായി ബന്ധപ്പെട്ടും അതോടൊപ്പം ഐ.ടി. മേഖലയിലുൾപ്പെടെ വലിയ വികസന സാധ്യത നൽകുന്ന പദ്ധതി വലിയ വികസന സാധ്യത നൽകുന്ന ഈ പദ്ധതി, അങ്ങനെ ഒട്ടേറെ പ്രാധാന്യമുള്ള ഈ പദ്ധതി ഇപ്പോൾ നേരിടുന്ന പ്രതിസന്ധി അടിയന്തരമായി പരിഹരിച്ചുകൊണ്ട് പദ്ധതി നിർമ്മാണം പുനരാരംഭിക്കാനുള്ള ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഈ റോഡിന്റെ പുതിയ ഡ്രാഫ്റ്റ് അലൈൻമെന്റ്

അനുസരിച്ചുള്ള ഫീസിബിലിറ്റി റിപ്പോർട്ട് 14-08-2025-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർനിർദേശം ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു[+].

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.